# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 01/11/13

## ( 26 Dhul hijjah 1434 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

തന്റെ ലോകമെമ്പാടുമുള്ള അനുയായികൾക്കെല്ലാം സലാം പറഞ്ഞ ശേഷം തശഹ്ഹുദും, തഅവ്വദും, സൂറ അൽഫാത്തിഹയും ഓതിയ ശേഷം അദ്ദേഹം തുടർന്നു.

**ജിഹാദ് ഒരു വിശദീകരണം**

**"ഓ: നബി, അവിശ്വാസികളോടും കപടവിശ്വാസികളോടും സമരം ചെയ്യുകയും അവർക്കെതിരിൽ കർശന നിലപാടു സ്വീകരിക്കുകയും ചെയ്യുക. അവരുടെ സങ്കേതം നരകമത്രെ. ആ ചെന്നെത്തുന്നസ്ഥലം എത്രയും ചീത്തയായതുതന്നെ."** 9:73

ഈ വചനം ജിഹാദിലേക്കുള്ള വ്യക്തമായ വിളിയാണ് എന്നാൽ ആയുധമെടുക്കുവാൻ ആവശ്യപ്പെടുന്നില്ല. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫാ (സ) മക്കയിലെ അവിശ്വാസികൾക്കെതിരിൽ പ്രതിരോധയുദ്ധം ചെയ്തിട്ടുണ്ട്. എന്നാൽ മദീനയിലെ കപടവിശ്വാസികൾക്കെതിരിൽ ഉഹ്ദ് യുദ്ധത്തിൽ അവർ വിശ്വാസവഞ്ചന നടത്തിയിട്ടും അവർക്കെതിരാൽ ആയുധ സമരം നടത്തിയില്ല. കാരണം, മുകളിൽ സൂചിപ്പിച്ച ജിഹാദ് ആയുധ സമരമല്ല എന്നത് തന്നെ കാരണം. ജിഹാദ്, എന്നവാക്ക് ജഹദ എന്ന വാക്കിൽ നിന്നും ഉണ്ടായതാണ്. ജഹദ എന്നാൽ കഠിനാധ്വാനം ചെയ്യുക എന്നാണർത്ഥം.

അല്ലാഹു പറയുന്നു.

**"ആരെങ്കിലും (അല്ലാഹുവിന്റെ മാർഗ്ഗത്തിൽ) പരിശ്രമിക്കുന്നതായാൽ യഥാർത്ഥത്തിൽ അവൻ തന്റെ സ്വന്തം ആത്മാവിന്റെ നന്മയ്ക്ക് വേണ്ടിതന്നെയാണ് പരിശ്രമിക്കുന്നത്. അല്ലാഹു മനുഷ്യരിൽ ആരുടെയും ആശ്രയമില്ലാത്തവനാകുന്നു."** (29:7)

ജിഹാദ് മുസ്‌ലിംകളോട് കല്പിക്കപ്പെട്ടിട്ടുള്ള കല്പനകളിൽ പ്രധാനപ്പെട്ടതു തന്നെ വിശുദ്ധ ഖുർആനിൽ 36 സ്ഥലങ്ങളിൽ കുറയാതെ ഇത് പറയപ്പെട്ടിട്ടുണ്ട്.

വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമ്പോൾ, മൂന്നു രീതിയിലുള്ള ജിഹാദ് (യുദ്ധങ്ങൾ) നമുക്ക് കാണാൻ കഴിയും.

1) തന്റെ നഫ്സിനെരിലുള്ള യുദ്ധം

2) എല്ലാ നിലയിലുമുള്ള തെറ്റുകൾക്കെതിരിലുള്ള യുദ്ധം.

3) ശത്രുവിനെതിരിൽ ആയുധമേന്തിയുള്ള യുദ്ധം.

ഈ ജിഹാദുകളെ നമുക്ക് ജിഹാദെഅക്ബർ (ഏറ്റവും വലിയ ജിഹാദ്), ജിഹാദെ കബീർ (വലിയ ജിഹാദ്), ജിഹാദെ സഗീർ (ചെറിയ ജിഹാദ്) എന്നിങ്ങനെ വേർതിരിക്കാം. മുഹമ്മദ് മുസ്തഫാ (സ) തബൂക്ക് യുദ്ധം കഴിഞ്ഞ് മടങ്ങിവരുന്ന സന്ദർഭത്തിൽ ഏറ്റവും ശ്രേഷ്ഠവും മഹത്വപൂർണ്ണവുമായ ജിഹാദിനെ സംബന്ധിച്ച് ഇപ്രകാരം പറയുകയുണ്ടായി . നമ്മൾ ചെറിയ ജിഹാദിൽ നിന്നും വലിയ ജിഹാദിലേക്കാണ് മടങ്ങിപോകുന്നത് നബീകരിം (സ) ഇത് പറഞ്ഞത് എന്തർത്ഥത്തിലാണ് ?.

**ജിഹാദെ അക്ബർ അഥവാ ഏറ്റവും വലിയ ജിഹാദ്**

ജിഹാദെ അക്ബർ അഥവാ ഏറ്റവും വലിയ ജിഹാദ് ഒരുവൻ തന്റെ നഫ്സിന്റെ ദുഷ്ചിന്തകളിൽ നിന്നും ദുഷ് ചെയ്തികളിൽ നിന്നും മോചനം നേടുന്നതിനുള്ള വിശ്രമ രഹിതമായ തന്റെ പോരാട്ടമാണത്. ഇത് ഭരണകൂടത്തിന്റെ പോരാട്ടമല്ല എന്നുസാരം. വ്യക്തിയിൽ അധിഷ്ടിതമായ ഭൗതികവാഞ്ഛക്കും അധാർമ്മികതെയ്ക്കും, വിശ്വാസവഞ്ചനയ്ക്കും, വ്യഭിചാര വൃത്തിക്കും, എതിരിലുള്ള പോരാട്ടമാണത്. ഈ പോരാട്ടത്തിൽ ഗവൺമെന്റിന് പൗരന്മാരെ സഹായിക്കുവാനുള്ള കടമയുണ്ട്. പൗരന്റെ ആന്തരിക ശുദ്ധീകരണത്തിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കേണ്ടത് ഭരണകൂടത്തിന്റെ ബാധ്യതയാണ്. വ്യക്തിയുടെ ആന്തരിക ശുദ്ധീകരണത്തിനുള്ള പുരോഗതിക്കു തടസ്സമായി നില്ക്കുന്ന ഭൗതിക സാഹചര്യങ്ങളെ ഇല്ലായ്മചെയ്യേണ്ടത് ഭരണ

കൂടത്തിന്റെ ബാധ്യതയാണ് ഉദാഹരണമായി മദ്യശാലകൾ നിർത്തലാക്കുക, ലഹരിമരുന്ന് വില്പനകൾ ഇല്ലായ്മചെയ്യുക, ചൂതാട്ടം നിരോധിക്കുക, വ്യഭിചാര ശാലകൾ നിർത്തലാക്കുക തുടങ്ങിയവ പ്രവാചക പ്രഭു മുഹമ്മദ് മുസ്തഫ (സ) പറഞ്ഞു. **"വിശ്വാസത്തിന്റെ പകുതി പരിശുദ്ധതയാകുന്നു"**

**"അതിനാൽ നീ അവിശ്വാസികളെ അനുസരിക്കരുത് അത് (ഖുർആൻ) കൊണ്ട് അവരുമായി വലിയ സമരം നടത്തുക."** 25:53

ഈ വചനത്തിലൂടെ മുഹമ്മദ് മുസ്തഫാ (സ) യോട് ഏറ്റവും ശക്തമായ ആയുധം ഉപയോഗിച്ച് - അതായത് അല്ലാഹുവിന്റെ വചനം കൊണ്ട് പോരാടുവാൻ കല്പിച്ചിരിക്കുകയാണ്. ജിഹാദെകബീർ അഥവാ വലിയ ധർമ്മസമരത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം വിശദീകരിക്കുകയാണ്. ഇതൊടെ മഹത്തായ പോരാട്ടമാണ് വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളുടെ സൗന്ദര്യത്തെ വിശദീകരിക്കുവാനും ജനങ്ങളെ ഇസ്ലാമിലേക്ക് ക്ഷണിക്കുവാനും വേണ്ടിയുള്ള പോരാട്ടം ജിഹാദെ അക്ബർ അഥവാ ഏറ്റവും വലിയ പോരാട്ടം (നഫ്സിന് എതിരെയുള്ള പോരാട്ടം) പൂർണ്ണമാക്കാതെ ഈ പോരാട്ടം വിജയകരമായി പൂർത്തിയാക്കുവാൻ വ്യക്തികൾക്കു സാധിക്കുകയില്ല.

അമുസ്ലിംകളിൽ യാദൃശ്ചികമായിട്ടായിരിക്കാം ഇസ്ലാമിലെ അധ്യാപനത്തിനു കടകവിരുദ്ധമായ ഒരു വിശ്വാസം വ്യാപകമായി നിലനില്ക്കുന്നതായി കാണാം. ഇസ്ലാം മത പ്രചാരണത്തിന് വിശ്വാസികളോട് ഒരു തരത്തിലുള്ള ബലപ്രയോഗവും നടത്തുവാൻ അത് അനുവാദം നല്കുന്നില്ല. ഇസ്ലാം മതം ജനങ്ങളിൽ തെളിവുകൾ നിരത്തി ബോധ്യപ്പെടുത്തുവാൻ ശ്രമിക്കുന്ന മതമാണ്. ഇതു പ്രചരിപ്പിക്കുവാൻ ശക്തിയും ബലാൽക്കാരവും ഉപയോഗിക്കുന്നു എന്നത് വളരെ തെറ്റായ പ്രചാരണമാണ്. ആരാധനാസ്വാതന്ത്ര്യം ഖുർആൻ തന്നെ ഉറപ്പു നല്കുന്ന സത്യവസ്തുതയാണ്.

**"മതത്തിൽ ഒരു വിധത്തിലുള്ള ബലപ്രയോഗവുമില്ല."**2:257

ജിഹാദെ സഗീർ എന്നത് ചെറിയ ജിഹാദാണ്. ഇതു പ്രധാനമായും രാഷ്ട്രവുമായി ബന്ധപ്പെട്ടതാണ്. വിശുദ്ധ ഖുർആനിൽ അല്ലാഹു (ത) പറയുന്നു.

**"യുദ്ധം ചെയ്യപ്പെടുന്നവർക്ക് (തിരിച്ചും യുദ്ധം ചെയ്യാൻ) അനുമതി നല്കപ്പെട്ടിരിക്കുന്നു എന്തെന്നാൽ അവർ അക്രമിക്കപ്പെട്ടിരിക്കുകയാണ്. തീർച്ചയായും അല്ലാഹു അവരെ സഹായിക്കുവാൻ കഴിവുള്ളവനാകുന്നു."** 22:40

പ്രതിരോധത്തിന്നായി ആയുധമേന്താൻ മുസ്ലിംകൾ അനുവദിക്കപ്പെട്ടിരിക്കുന്നതെന്ന് ഈ വചനത്തെപ്രഥമ അംഗീകാരമായി ഖുർആൻ വ്യാഖ്യാതാക്കൾ ഒന്നടങ്കം അംഗീകരിച്ചിട്ടുള്ളതാകുന്നു.

22-ാം അധ്യായത്തിലെ 40-ാം വചനം പ്രതിരോധ യുദ്ധം നയിക്കാമെന്ന തത്വം തുറന്നുകാണിക്കുന്നു. ഈ തത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഒരു സംഘം മുസ്ലിംകൾ ആയുധധാരികളാകുകയും, മക്കയിലെ സുസജ്ജമായ സൈന്യത്തെ നേരിടുവാൻ തയ്യാറാവുകയും ചെയ്തത്. കാരണം അവർ അക്രമിക്കപ്പെടുകയും വളരെ മോശമായി പെരുമാറപ്പെടുകയുമുണ്ടായി.

ഈ പ്രഭാഷണ സന്ദർഭത്തിന്റെ പ്രധാനഭാഗം എന്ന നിലയിൽ നമ്മുടെ ഒരു സഹോദരൻ ബുധനാഴ്ച പ്രഭാതത്തിൽ ഫജർ നമസ്ക്കാരത്തിനു മുമ്പ് കണ്ട സുപ്രധാനമായ ഒരു സ്വപ്നം ഇവിടെ സ്മരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹം പറയുന്നു.

**"ഇന്ന് രാവിലെ ഫജർ നമസ്ക്കാരത്തിനുമുമ്പ്, ഞാനൊരു സ്വപ്നം കണ്ടു. നമ്മുടെ പള്ളിയുടെ സമീപത്തുള്ള തെരുവിലൂടെ ഞാൻ എന്റെ ഭാര്യയുമൊത്ത് നടക്കുകയായിരുന്നു. നടക്കുമ്പോൾ റോഡിൽ മറ്റു ചില ആളുകളെ ഞങ്ങൾ കാണുന്നുണ്ട്. അവർ ദ്രോഹപരമായ ഉദ്ദേശത്തോടെ അവരുടെ കഠാരകൾ ഉപയോഗിച്ച് ഞങ്ങളെ വക വരുത്തുവാൻ ഉദ്ദേശിക്കുന്നവരാണ്. അവർ എന്റെ സമീപത്തുകൂടി നടക്കുന്നുണ്ടെങ്കിലും ഞാൻ ആരാണ് എന്ന് മനസ്സിലാക്കുവാൻ അവർക്ക് കഴിഞ്ഞില്ല. മിന്നിത്തിളങ്ങുന്ന ഒരു കഠാര എന്റെ കൈവശമുണ്ട്. എന്നാൽ അവർ എണ്ണത്തിൽ കൂടുതലാണ്. നിർണ്ണായകമായ സ്ഥലങ്ങളിൽ അവർ നിലയുറപ്പിച്ചിരിക്കുന്നു. എന്നാൽ അവർക്ക് എന്റെ അടുത്തേക്ക് എത്താൻ കഴിയുന്നില്ല. കാരണം അദൃശ്യമായ ഒരു മറ അഥവാ സംരക്ഷണത്തിന്റെ ഒരു തടസ്സം അവരിൽ നിന്നും എന്നെ വേർതിരിച്ചു നിർത്തിയിരിക്കുന്നു. ഞാൻ മുന്നോട്ടു നടന്നുകൊണ്ടിരുന്നു. അവർ എന്റെ തൊട്ടുപിന്നിലാണെങ്കിലും എന്റെ സമീപത്താണെങ്കിലും അവരുടെ സംസാരം**

**കേൾക്കാമെങ്കിലും അവർ ഉദ്ദേശിക്കുന്നത് ചെയ്യാൻ കഴിയുമെങ്കിലും ഞാൻ പിന്നിലേക്ക് തിരിഞ്ഞു നോക്കാതെ പൊയ്ക്കൊണ്ടിരിക്കുന്നു.''**

**രംഗം 2**

ഞാൻ പള്ളിയുടെ മുറ്റത്ത് പ്രശോഭിതമായ ധാരാളം ആയുധങ്ങളുമായി നില്ക്കുന്നതായി കാണുന്നു.അതിന്റെ സമീപത്ത് വിശാലമായ മൈദാനം ശത്രു സൈന്യത്തിന്നെതിരിൽ ഒരു വലിയ യുദ്ധം നടത്തുന്നതിനുള്ള തയ്യാറെടുപ്പുകൾ നടന്നുകൊണ്ടിരിക്കുന്നു. എന്റെ പിതാവിനെ എനിക്ക് തിരിച്ചറിയുവാൻ കഴിയുന്നുണ്ട്. എന്നാൽ സംഘത്തിൽ മറ്റു ധാരാളം ആളുകളുണ്ട്. നമ്മുടേതായ പലവിഭാഗങ്ങളെയും ബാനറിലൂടെ തിരിച്ചറിയുവാൻ കഴിയുന്നുണ്ട്. എന്നാൽ അതിലെ ഒരു സംഘത്തെ അൽ-അമീൻ- സംഘമെന്ന് വ്യക്തമായി തിരിച്ചറിയുവാൻ കഴിയുന്നുണ്ട്. മറ്റു സംഘങ്ങൾ ഖുർ ആനിൽ നിന്നും ആത്മീയത ഉൾക്കൊണ്ട പേരുകളാണ്. ആത്മവിശ്വാസത്തോടെയും, ധൈര്യത്തോടെയും ശത്രു സൈന്യത്തെ നേരിടുവാൻ ഞങ്ങൾ എല്ലാ പേരും തയ്യാറായികാത്തുനിൽക്കുകയാണ്. അൽഹംദുലില്ലാഹ്.

നാം ഈ സ്വപ്നത്തിൽ നിന്നും അതെന്തുമാകട്ടെ, നമുക്ക് ജിഹാദ് ചെയ്യുവാനുള്ള ഉത്തരവാദിത്വമുണ്ട്, അത് നമ്മോട് തന്നെ ആകാം, നമ്മുടെ ആത്മാവിനെ പരിശുദ്ധമാക്കുവാനുള്ള കഠിനാധ്വാനമാണത്. അതിലൂടെ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരഗതമാക്കുവാനുള്ള അവസരമാണ് ലഭിക്കുന്നത്. അതുപോലെ നമുക്കെതിരിൽ വരുന്ന കായിക ആക്രമണത്തെ നേരിടുവാനും നാം തയ്യാറായിരിക്കേണ്ടതാണ്. കായികആക്രമണത്തിനെതിരിൽ നാം നമ്മെയും നമ്മുടെ ജമാ അത്തിനേയും സംരക്ഷിക്കേണ്ട് ബാധ്യതയുണ്ട് മുഹമ്മദ് മുസ്തഫ (സ) യുടെ കാലത്ത് ഈ രീതിയിലാണ് ഇസ്ലാമിന്നെതിരിലുള്ള യുദ്ധങ്ങളെ നേരിട്ടത്. അല്ലാഹു (ത) വിശ്വസിച്ചേൽപ്പിച്ചമതത്തെയും, സമുദായത്തെയും, അദ്ദേഹത്തെ തന്നെയും ഇപ്രകാരമാണ് പ്രതിരോധിച്ചത്. കാരണം ശത്രുക്കൾ കായികാക്രമണത്തിലൂടെ പ്രവാചകരെയും സംഘത്തെയും തകർത്തുതരിപ്പണമാക്കുവാൻ ശ്രമിക്കുകയുണ്ടായി. ആ ശത്രുക്കൾ കരുതിയത്, മുസ്ലിംകളെ ഇല്ലായ്മ ചെയ്യുന്നതിലൂടെ, ഇസ്ലാമിനെ ഇല്ലാതാക്കാമെന്നാണ്. എന്നാൽ അല്ലാഹു(ത) തന്റെ പ്രവാചകനെയും അനുയായികളെയും രക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. വിശ്വാസികൾക്ക് പോരാടുവാനുള്ള അനുവാദം നല്കി അതിലൂടെ തങ്ങളുടെ ജീവനെയും മതത്തെയും നാളേക്കും അടുത്ത തലമുറകൾക്കുമായി സംരക്ഷിച്ചു നിർത്തുകയുണ്ടായി. ഇസ്ലാം ഒരിക്കലും പരാജയപ്പെടുന്നതല്ല. ഏതുരീതിയിലായാലും ഇസ്ലാമിന് ഒരു കോട്ടവും സംഭവിക്കുകയില്ല ഈ യുദ്ധങ്ങളിലൂടെ (ജിഹാദെസഗീർ) രക്തസാക്ഷികളായിതീരുന്നവർ ഉന്നതമായ പദവികൾ അലങ്കരിക്കുന്നവരായിരിക്കും കാരണം അവർ അവിശ്വാസികളെ വധിച്ചതുകൊണ്ടല്ല മറിച്ച് അവർ അവരുടെ ജീവിതം അവരുടെ പ്രവാചകനെ സംരക്ഷിക്കുന്നതിനായി ദാനം ചെയ്തു. മുസ്ലീംകളെ സംരക്ഷിക്കുന്നതിനായി ദാനം ചെയ്തു. അവരുടെ മതത്തെ ഇസ്ലാമിനെ സംരക്ഷിക്കുന്നതിനായി ദാനം ചെയ്തു. ശത്രുക്കൾ അവരെ ഉന്മൂലനാശം വരുത്തുവാൻ ആഗ്രഹിച്ചു. എന്നാൽ അല്ലാഹുവിന്റെ സഹായമെത്തിയപ്പോൾ മലക്കുകളുടെ സഹായമെത്തിയപ്പോൾ അംഗുലീ പരിമിതമായ സഹാബാക്കളോടൊപ്പം മുസ്ലിംകൾ വിജയത്തിൽ നിന്നും വിജയത്തിലേയ്ക്ക് കുതിച്ചു. അവർക്ക് നഷ്ടമായതെല്ലാം അല്ലാഹു അവർക്ക് തിരികെ നല്കി. ഭൗതികമായി പറഞ്ഞാൽ യുദ്ധമുതലുകളിലൂടെ അവർക്ക് നഷ്ടപ്പെട്ടതെല്ലാം തിരികെ ലഭിക്കുകയുണ്ടായി. എന്നാൽ അല്ലാഹുവിന്റെ പക്കൽനിന്നും അവർക്ക് ലഭിക്കുന്നതാണ് ഏറ്റവും ശ്രേഷ്ഠമായത്. നമുക്കും അതായത് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന് നിശ്ചയമായും ഏറ്റവും നല്ലതു അല്ലാഹുവിന്റെ പക്കൽ ഉള്ളത് തന്നെയാണ്. കാരണം അതുമാത്രമാണ്. അനന്തമായിട്ടുള്ളത്. എപ്പോഴെങ്കിലും കായികാക്രമണം ഉണ്ടായാൽ അല്ലാഹു നമുക്ക് പോരാടുവാനുള്ള അനുവാദം നല്കിയാൽ തീർച്ചയായും ഈ ആളുകൾക്കെതിരിൽ നാമും അതു ചെയ്യുന്നതാണ്.

**താഴെ പറയുന്ന പ്രവാചകവചനങ്ങൾ ശ്രദ്ധിക്കുക**

ഹസ്രത്ത് അബൂഹുറൈറ (റ) പറഞ്ഞു. അല്ലാന്റെ ദൂതന്റെ അരുകിൽ ഒരാൾവന്നു ചേദിച്ചു. ദൂതരെ എന്റെ ധനം അപഹരിക്കുവാൻ ആരെങ്കിലും എന്റെ അടുത്തുവന്നാൽ ഞാനെന്തുചെയ്യണം? ദൂതൻ പറഞ്ഞു നീ ആ ധനം അവന് നല്കരുത് ആ മനുഷ്യൻ ചോദിച്ചു. എന്നോട് മല്ലിടാൻ വന്നാൽ ഞാൻ എന്തുചെയ്യണം. ദൂതൻ പറഞ്ഞു നീ അവനോട് പോരാടുക. അവൻ എന്നെ കൊന്നാൽ എന്റെ പരലോകത്തെ അവസ്ഥ എന്തായിരിക്കും? ദൂതൻ പറഞ്ഞു ഈ കാര്യത്തിൽ നിങ്ങൾ ഒരു രക്തസാക്ഷിയാണ്. ആ മനുഷ്യൻ ചോദി

ച്ചു.അവൻ എന്നെ കൊന്നാൽ എന്തായിരിക്കും അവന്റെ അവസ്ഥ? ദൂതർ പറഞ്ഞു. അവൻനരകാഗ്നിയിലായിരിക്കും. (മുസ്‌ലിം)

## സ്വയം പ്രതിരോധം

ഈ ഹദീതിൽ നിന്നും നമുക്ക് മനസ്സിലാകുന്നത് ഒരു മുസ്‌ലിം ആരെയും ഉപദ്രവിക്കാതിരിക്കെ, തന്റെ വീട്ടിൽ സമാധാനത്തോടെ കഴിയുമ്പോൾ ആരെങ്കിലും അവനുമായി പോരാടുവാൻ വന്നാൽ, കൊല ചെയ്യുവാൻ വന്നാൽ, ഉപദ്രവിക്കുവാൻ വന്നാൽ, തന്റെ ധനം അപഹരിക്കുവാൻ വന്നാൽ, ഈ സാഹചര്യത്തിൽ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ) വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നു ; അതായത് നമ്മുടെ ധനം നാം സംരക്ഷിച്ചുകൊള്ളണം, ജീവൻ സംരക്ഷിച്ചുകൊള്ളണം, കുടുംബത്തെ സംരക്ഷിച്ചുകൊള്ളണം, മതത്തെ (ഇസ്‌ലാമിനെ) സംരക്ഷിച്ചു കൊള്ളണം, നമ്മെ ആക്രമിക്കുവാൻ ഇങ്ങോട്ടു വരുന്നവരോടുള്ള സമീപനം ഇങ്ങനെയായിരിക്കണം. ഇക്കാലത്ത് ഇതിനെ നാം **"സ്വയം പ്രതിരോധം"** എന്നാണ് പറയുന്നത്.

സ്വന്തം നഫ്സിനോട് പോരാടി ശുദ്ധി ആർജ്ജിക്കുവാൻ ഓരോ വ്യക്തിയും കഠിനമായി ശ്രമിക്കേണ്ടതാണ്; എന്നിട്ട് നാം ഇസ്‌ലാമിനെ പ്രബോധിക്കുക. ഇസ്‌ലാം മത പ്രചാരണം സമ്മർദ്ദമോ; ബലാൽക്കാരമോ ഇല്ലാതെയാണ് പ്രബോധനം നടത്തേണ്ടത്. ഇസ്‌ലാമിനെ തകർക്കുവാനും, മുസ്‌ലീംകൾ ആയ കാരണത്താൽ മുസ്‌ലീം സഹോദരി സഹോദരന്മാരെ അറുകൊല ചെയ്യുമ്പോൾ, ശത്രുക്കൾ എല്ലാ സീമകളും ലംഘിക്കുമ്പോഴുമാണ് സായുധ സമരത്തിന് ഇസ്‌ലാം അനുവാദം നല്കുന്നത്.

## യുദ്ധ പ്രഖ്യാപനം പരമാധികാരിയാണ് നടത്തേണ്ടത്

എന്റെ വിനീത അഭിപ്രായം ഇന്ന് ജിഹാദ് അനുവദനീയമായിട്ടുള്ളത് പലസ്തീൻ, സിറിയ, ഈജിപ്ത്, തുടങ്ങിയ ജനതകൾക്കാണ്. കാരണം അവരെ തങ്ങളുടെ മാതൃ രാജ്യത്തു നിന്നും പുറത്താക്കിയിരിക്കുന്നു; അവരെ പീഢനത്തിനു വിധേയമാക്കിയിരിക്കുന്നു. ഇറാക്ക് ഇറാനെതിരെ യുദ്ധം നടത്തിയത് പ്രതിരോധ ലക്ഷ്യത്തോടെ ആയിരുന്നുവോ ? ആക്രമിക്കപ്പെട്ടതിനെതിരിൽ പ്രതിരോധിച്ചതായിരുന്നുവോ ? ലോകത്തിലെ ഏകാധിപതികൾ എന്നും ആയുധം കൊണ്ടാണ് സംഭാഷണം നടത്തിയിട്ടുള്ളത്. അതിപ്പോഴും നടക്കുന്നു. / ഇസ്‌ലാമിക കാഴ്ചപ്പാടിൽ വിശുദ്ധ യുദ്ധാനുമതി അതിന്റെ പരമാധികാരിയാണ് നല്കേണ്ടത്. **ഈ അധികാരി അല്ലാഹുവിന്റെ ഖലീഫ അല്ലാതെ മറ്റാരുമല്ല.** ദൈവീക അംഗീകാരവും, മാർഗ്ഗ നിർദ്ദേശവും അതിനുണ്ടായിരിക്കും. നിങ്ങൾക്ക് സങ്കല്പിക്കുവാൻ കഴിയുമോ ? ഇസ്‌ലാമിന്റെ പ്രതാപകാലത്ത്, പ്രവാചകന്റെ അനുവാദമില്ലാതെ സായുധ സമരം നടത്തിയതായി. അല്ലെങ്കിൽ ഓരോ നൂറ്റാണ്ടിലും, തന്റെ സമുദായത്തിൽ വരുന്ന അദ്ദേഹത്തിന്റെ പ്രതിനിധിയായി വരുന്ന അല്ലാഹുവിന്റെ പ്രതിനിധിയുടെ അനുവാദമില്ലാതെ.

## ദൈവീകവെളിപാടില്ലാതെ ഇസ്‌ലാമിക ലോകത്തിന് ഭാഗികമായി മാത്രമെ പ്രവർത്തിക്കുവാൻ കഴിയൂ

ദൈവീകവെളിപാടില്ലാതെ ഇസ്‌ലാമിക ലോകത്തിന് ഭാഗികമായി മാത്രമെ പ്രവർത്തിക്കുവാൻ കഴിയുകയുള്ളൂ എന്ന് നാം സമ്മതിക്കേണ്ടിവരും, ഒന്നുകിൽ സമുദായത്തിന്റെ നേതൃ സ്ഥാനത്ത് അല്ലാഹുവിന്റെ ഖലീഫ ഉണ്ടായിരിക്കണം. കാലത്തിനും സമയത്തിനും അനുയോജ്യമായ തീരുമാനം അദ്ദേഹം നല്കുന്നതാണ്. അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ സായുധസമരം ഉൾപ്പടെയുള്ള കാര്യങ്ങൾ നിഷിധമാണ്. ബുദ്ധിമാൻമാർക്ക് ചിന്തിക്കുവാൻ വകയുണ്ട്.

Translated & Issued By
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*